പതിമൂന്നാം കേരള നിയമസഭ
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4054 — 26.06.2013-ൽ മറുപടിയ്ക്ക്

**ജലവിഭവ വകുപ്പിന്റെ ഭൂമിയിൽ ഇക്കോ ടൂറിസം പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ജലവിഭവ വകുപ്പിന്റെ കീഴിൽ 1960-70 കാലഘട്ടത്തിൽ പദ്ധതികൾക്കു വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ കുറേ ഭാഗം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി ടൂറിസം വകുപ്പുമായി ചേർന്ന് ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽപ്പെട്ട ഉപയോഗശൂന്യമായ സ്ഥലങ്ങൾ കണ്ടെത്തി സർക്കാരിന്റെ ഭൂരഹിതർക്ക് സ്ഥലം നൽകുന്ന **'ഭൂരഹിതരില്ലാത്ത കേരള പദ്ധതി 2015'** ൽ ഉൾപ്പെടുത്തി കൈമാറുന്നതിന് വേണ്ടി ഉന്നത അധികാര കമ്മിറ്റി തീരുമാനം പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ സ്ഥലം ഇപ്പോൾ ലഭ്യമല്ല. |

Jancy PR
സെക്ഷൻ ഓഫീസർ